02/12/21


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-ma il: sic.ker@nic.in**


ഹർജി നമ്പർ **CP No. 812(2)/2020/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 9325/SIC-G6/2020)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. P.V. Sajan/P.K. Viswanathan,
2012 Sobha Classic,
Haralur Main Road,
Bengaluru- 560 102. } Complaint Petitioner

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   പുഴക്കൽ വില്ലേജ്, തൃശ്ശൂർ - 680 553.
2. അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ),
   താലൂക്ക് ഓഫീസ്,
   തൃശ്ശൂർ - 680 020.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 13/07/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27/08/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/10/2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 19/11/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 14/09/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 22/09/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/02/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/03/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 09/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.വി. സാജൻ 14/09/2020 തീയതി സമർപ്പിച്ച പരാതി ഹർജി 22/09/2020 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 812(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാനു തെറ്റായ വിവരമാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയതിനാൽ ടിയാനെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1), 20(2)-ഉം പ്രകാരം നടപടി സ്വീകരിക്കണെമെന്നുമാണ്.

3. പരാതി ഹർജിക്കാരൻ 13/07/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 27/08/2020-ന് എതിർകക്ഷി മറുപടിനൽകിയിട്ടുണ്ട്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 30/03/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമം 2005 പ്രകാരം 13/07/2020-ൽ പുഴയ്ക്കൽ വില്ലേജ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും അപേക്ഷാ പ്രകാരം ആവശ്യപ്പെട്ടിരുന്ന 5 ചോദ്യങ്ങളിൽ ക്രമ നമ്പർ 1, 4 ചോദ്യങ്ങൾക്ക് വില്ലേജ് ഓഫീസർ ആന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും കമ്മീഷൻ മുമ്പാകെ 14/09/2020-ന് ടിയാൻ സമർപ്പിച്ച അതേ പരാതി തന്നെയാണ് ഒന്നാം അപ്പീൽ അധികാരിയായ തഹസിൽദാർ(ഭൂരേഖ) മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി കാണുന്നുവെന്നും, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ക്രമനമ്പർ 1 പ്രകാരം റീസർവ്വെ 258/12-ന്റെ ബി.ടി.ആർ ഇപ്പോഴത്തെ തണ്ടപ്പേർ കക്ഷിയായ മുഹമ്മദിന്റെ പേരിലേയ്ക്ക് മാറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ ക്രമനമ്പർ 4 പ്രകാരം TS 8/12 നമ്പർ ഫയലിലെ താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ താലൂക്ക് ഓഫീസിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം ബി.ടി.ആറിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ക്രമ നമ്പർ 1-ന് റീസർവ്വെ 258/12-ന്റെ ബി.ടി.ആർ ശ്രീ. മുഹമ്മദിന്റെ പേരിലേയ്ക്ക് മാറ്റിയിട്ടില്ലാത്തതാണെന്നും ആയതിനാൽ രേഖകൾ ലഭ്യമല്ലെന്നും, ക്രമ നമ്പർ 4-ന് 2012-ലെ ഫയൽ നമ്പറോ, തീയതിയോ അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ലാ

ത്തതിനാൽ ആയത് സംബന്ധിച്ച് വില്ലേജ് ഓഫീസർക്ക് ലഭിച്ച കത്തോ ആയത് പ്രകാരം വില്ലേജ് ഓഫീസർ സ്വീകരിച്ച നടപടികളോ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതാണെന്നും 27/08/2020-ന് വില്ലേജ് ഓഫീസർ മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്നാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നുമാണ്.

അപ്പീൽ അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ, വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 1, 4 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് 19/11/2020-ന് അപേക്ഷ തീർപ്പാക്കിയിട്ടുള്ളതും, നടപടിക്രമത്തിന്റെ പകർപ്പ് അപേക്ഷകന് അയച്ചു നൽകിയിട്ടുള്ള തുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും അപ്പീൽ തീർപ്പാക്കിയതിനുശേഷം 08/12/2020-ന് വില്ലേജ് ഓഫീസർ കൃത്യമായി മറുപടി നൽകിയിട്ടുള്ളതിനാലും കൂടുതൽ ഇടപെടലുകൾ ആവശ്യമില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. പരാതി ഹർജി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം **2021 നവംബർ 09-ാം തീയതി** കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV